**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6502** **20-03-2023 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ കാലതാമസമാണ് ജലവിതരണ സംവിധാനത്തിലെ പോരായ്മകൾക്ക് പ്രധാന കാരണമെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള മിക്ക പ്രവൃത്തികളും സമയബന്ധിതമായി നടപ്പിലാക്കാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ പദ്ധതിയുടെ ചില ഘടകങ്ങൾ നിർമ്മിക്കുവാൻ ആവശ്യമായ ഭൂമി സമയാസമയങ്ങളിൽ ലഭ്യമാകാതിരിക്കുക, ഭൂമിയുമായും അല്ലാതെയുമുള്ള കോടതി കേസുകൾ ഉടലെടുക്കുക, ഫണ്ടിന്റെ അപര്യാപ്തത, പ്രവൃത്തി നടപ്പിലാക്കുന്നതിന് മറ്റ് വകുപ്പുകളിൽ നിന്ന് അനുമതി ലഭ്യമാക്കേണ്ടുന്ന അവസ്ഥ വരിക, പ്രവൃത്തിക്ക് നാഷണൽ ഹൈവേ, റെയിൽവേ തുടങ്ങിയ കേന്ദ്ര സ്ഥാപനങ്ങളുടെ അനുമതി ആവശ്യമായി വരിക തുടങ്ങിയ അവസരങ്ങളിൽ കാലതാമസം വന്നുചേരാറുണ്ട്. കാല താമസം കുറയ്ക്കാൻ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസ് തലത്തിൽ പ്രവൃത്തികളുടെ പ്രോഗ്രസ്സ് PASK സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി വിശദമായി അവലോകനം ചെയ്യുന്നുണ്ട്. |
| (ബി) | വാട്ടർ അതോറിറ്റിയിൽ കാലോചിതമായ മാറ്റങ്ങൾ നടപ്പിലാക്കാത്തതാണ് ഇത്തരമൊരു അവസ്ഥ സൃഷ്ടിക്കാനിടയാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്.<br><br>കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും, ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും, സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും തടസ്സരഹിതമായ ജലവിതരണം സാധ്യമാകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; എങ്കിൽ പ്രസ്തുത ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് 2.0 മാർഗ്ഗനിർദ്ദേശ പ്രകാരം അമൃത് നഗരങ്ങളിലെ ചുരുങ്ങിയത് ഒരു വാർഡിൽ എങ്കിലും 24 X 7 കുടിവെള്ള വിതരണം ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 9 അമൃത് നഗരങ്ങൾ ഉൾപ്പെടെ കേരളത്തിലെ 12 നഗരങ്ങളിലെ ഓരോ വാർഡിൽ വീതമെങ്കിലും 24 X 7 കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായുള്ള നടപടി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ